# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 289/2024 തിരുവനന്തപുരം, തീയതി: 28/12/2024

## പത്രക്കുറിപ്പ്

## വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല യൂണിയൻ അക്കൗണ്ട്സ് കമ്മിറ്റിയിലേക്കുള്ള മൂന്ന് സെനറ്റ് പ്രതിനിധികളുടെയും, കേരള കാർഷികസർവകലാശാല ജനറൽ കൗൺസിലിലേക്കുള്ള സെനറ്റ് പ്രതിനിധിയുടെയും തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വോട്ടർ പട്ടികകൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ഡിസംബർ 16 ന് ആരംഭിച്ച അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ സി.ബി.സി.എസ്.എസ്. (ഡബിൾ മെയിൻ ഉൾപ്പെടെ)/ബി.എ. ഓണേഴ്സ് ഡിഗ്രി പരീക്ഷകളിൽ 2024 ഡിസംബർ 31 മുതൽ 2025 ജനുവരി 08 വരെയുള്ള പരീക്ഷകൾ പുനഃക്രമീകരിച്ചു. പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 ഡിസംബർ 10 ന് ആരംഭിച്ചതും 12 മുതൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്ന്, രണ്ട് സെമസ്റ്റർ ബിരുദ, ബിരുദാനന്തര ബിരുദ ഡിഗ്രി പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല (www.keralauniversity.ac.in).

## ക്ലാസ്സുകൾ ആരംഭിക്കുന്നു

കേരളസർവകലാശാലയുടെ സി.ബി.സി.എസ്.എസ്/കരിയർ റിലേറ്റഡ്/ഡബിൾ മെയിൻ ബിരുദ പ്രോഗ്രാമുകളുടെ (റെഗുലർ – 2022 അഡ്മിഷൻ) ആറാം സെമസ്റ്റർ ക്ലാസ്സുകൾ 2024 ഡിസംബർ 30 മുതൽ ആരംഭിക്കുന്നു.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി ജൂൺ 2024 പരീക്ഷയുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ഡിസംബർ 30, 31 തീയതികളിൽ റീവാലുവേഷൻ (EJ X) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**